# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3706 — 15.05.2017 - ൽ മറുപടിയ്ക്ക്

## എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

| ചോദ്യം<br>ശ്രീ.കെ.ബാബു | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br>(ബി) പാലക്കാട് ജില്ലയിലെ ഏതെങ്കിലും എൽ.പി. സ്കൂളിനെ അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) യും (ബി) യും സംസ്ഥാനത്ത് പുതിയ സ്കൂളുകൾ തുടങ്ങുന്നതും, നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 3060/14 ഉൾപ്പെടെയുള്ള ഒരു കൂട്ടം ഹർജികളിന്മേലുള്ള 18.06.2015 - ലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൽ ആക്ഷേപങ്ങൾ ക്ഷണിച്ച് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് ശാസ്ത്രീയമായ പഠനം നടത്തി വരികയാണ്. നിലവിലുള്ള സ്കൂളുകൾ അപഗ്രേഡ് ചെയ്യുന്നതും പുതിയ സ്കൂളുകൾ ആരംഭിക്കുന്നതും സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല. |
| (സി) എൽ.പി. സ്കൂളുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) കുട്ടിയുടെ താമസ സ്ഥലത്തു നിന്നും ഒരു കിലോമീറ്റർ പരിധിയിൽ എൽ.പി. സ്കൂൾ, മൂന്ന് കിലോമീറ്റർ പരിധിയിൽ യു.പി. സ്കൂൾ അഞ്ച് കിലോമീറ്റർ പരിധിയിൽ ഹൈസ്കൂൾ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് കേന്ദ്ര ആർ.റ്റി.ഇ. ആക്റ്റിൽ നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ